**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **17-09-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കേളേജ് ക്യാമ്പസ്സിൽ 33 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ മെഡിക്കൽ കേളേജ് ക്യാമ്പസ്സിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ ഭൂമി കെ.എസ്.ഇ.ബി.ക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള EXP-D3/146/2025/FIN (കംപ്യൂട്ടർ നം. 322890) നമ്പർ ഫയലിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **33 കെ.വി സബ്സ്റ്റേഷൻ, സെക്ഷൻ ആഫീസ് ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് വെളപ്പായ വില്ലേജ് 3/1-ൽ പ്പെട്ട 4.4799 ഹെക്ടർ ഭൂമിയിലുൾപ്പെട്ടതും തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിലുള്ളതുമായ 0.0809 ഹെക്ടർ (8.09 ആർ) ഭൂമി 2 % പാട്ടനിരക്കിൽ ആകെ 1,02,516/- രൂപ (ഒരുലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി പതിനാറ് രൂപ മാത്രം) വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് KSEB യ്ക്ക് പാട്ടത്തിന് നൽകുന്നതിനോട് ധനവകുപ്പ് യോജിക്കുന്നതായി അറിയിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ ഫയൽ 11.09.2025 തീയതിയിൽ മടക്കി നൽകിയിട്ടുണ്ട്.** |
| (ബി) | തൃശ്ശൂർ മെഡിക്കൽ കേളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവ പൂർത്തിയാകുന്നതോടെ വൈദ്യുതി ആവശ്യകതയിൽ ഉണ്ടാകുന്ന വർദ്ധനവ് നിറവേറ്റുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ട സാഹചര്യത്തിൽ, പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) | **33 കെ.വി സബ്സ്റ്റേഷൻ, സെക്ഷൻ ആഫീസ് ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് വെളപ്പായ വില്ലേജ് 3/1-ൽ പ്പെട്ട 4.4799 ഹെക്ടർ ഭൂമിയിലുൾപ്പെട്ടതും തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിലുള്ളതുമായ 0.0809 ഹെക്ടർ (8.09 ആർ) ഭൂമി 2 % പാട്ടനിരക്കിൽ ആകെ 1,02,516/- രൂപ (ഒരുലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി പതിനാറ് രൂപ മാത്രം) വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് KSEB യ്ക്ക് പാട്ടത്തിന് നൽകുന്നതിനോട് ധനവകുപ്പ് യോജിക്കുന്നതായി അറിയിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ ഫയൽ 11.09.2025 തീയതിയിൽ മടക്കി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ